**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3999** **11.11.2019 – ൽ മറുപടിക്ക്.**

## അനർഹമായി റേഷൻവിഹിതം വാങ്ങുന്നവർക്കെതിരെ നടപടി

ചോദ്യം

**ശ്രീ. വി.ടി.ബൽറാം :**

**(എ)** 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രത നിയമപ്രകാരം മുൻഗണന പട്ടികയിൽ സംസ്ഥാനത്ത് നിന്നും ഉൾപ്പെടുത്തുവാൻ അർഹതയുള്ള വർ എത്രപേരെന്ന് വെളിപ്പെടുത്തുമോ;

**(ബി)** ഈ പട്ടികയിൽ അനർഹമായി പല കുടുംബങ്ങളും കടന്നുകൂടിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

**(സി)** അനർഹമായി മുൻഗണനാ കാർഡ് കൈയിൽ വച്ച് റേഷൻ സാധനങ്ങൾ വാങ്ങിയ കുടുംബ ങ്ങളിൽ നിന്നും പിഴ ഈടാക്കി യിട്ടുണ്ടോ; വിശദാംശം നൽകുമോ;

**(ഡി)** അനർഹമായി വാങ്ങിയ റേഷൻ സാധനങ്ങളുടെ കമ്പോളവില യാണോ ഇപ്രകാരമുള്ളവരിൽ നിന്നും ഈടാക്കിയതെന്ന് വെളിപ്പെടുത്തുമോ;

**(ഇ)** മുൻഗണന പട്ടികയിൽ അനർഹമായി കടന്നുകയറിയവരെ കണ്ടെത്തുവാൻ കൂടുതൽ പരിശോധന നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

മറുപടി

**ശ്രീ. പി. തിലോത്തമൻ**

**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

**(എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും**

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്.

മുൻഗണനാ പട്ടികയിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18.09.17 ലെ സ.ഉ(സാധാ) നം.320/ 17/ഭ.പൊ.വി.വ പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടക ങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻ കാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നു വരുന്നു. 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും സ്വന്തമായി നാലു ചക്ര വാഹനങ്ങൾ ഉള്ളവരുടെ വിവരങ്ങൾ മോട്ടോർ വാഹന വകുപ്പിൽ നിന്നും ലഭ്യമാക്കുകയും ടി ഡേറ്റകളുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തുകയും ഫീൽഡ് തല പരിശോധനകളിലൂടെ അനർഹമാണെന്ന് ബോധ്യപ്പെട്ട കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും പൊതുവിഭാഗ ത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, സ്ഥിരമായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ട 58712 കുടുംബങ്ങളിൽ 32137 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ, മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്ന് വരുന്നു. കൂടാതെ വസ്തുതകൾ മറച്ച് വച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. 2019 സെപ്റ്റംബർ മാസം 70.43 ലക്ഷം രൂപ ഈ ഇനത്തിൽ പിഴ ഈടാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**